"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - റൂട്രോണിക്സ് - പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.553/2023/ID തീയതി,തിരുവനന്തപുരം, 12-06-2023

പരാമർശം: റൂട്രോണിക്സിന്റെ പ്രവർത്തനം വിലയിരുത്തുന്നതു സംബന്ധിച്ച്

1. ബഹു. വ്യവസായ വകുപ്പ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.10.2022 -ൽ കൂടിയ യോഗ തീരുമാനം.
2. 15.11.2022 തീയതിയിലെ ഖാദി ബോർഡ് സെക്രട്ടറിയുടെ കത്ത്.

**ഉത്തരവ്**

റൂട്രോണിക്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി, പഠനം നടത്തി റിപ്പോർട്ട് നൽകുവാൻ വ്യവസായ വകുപ്പ പ്രിൻസിപ്പൽ സെക്രട്ടറി II, റിയാബ് സെക്രട്ടറി, ഖാദി ബോർഡ് സെക്രട്ടറി, റൂട്രോണിക്സ് മാനേജിംഗ് ഡയറക്ടർ എന്നിവരടങ്ങുന്ന ഒരു സമിതി രൂപീകരിക്കാൻ 18/10/2022 ൽ ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനിച്ചിരുന്നു. തുടർന്ന് പരാമർശം (2) പ്രകാരം റൂട്രോണിക്സിന്റെ രജിസ്ട്രാറായ ഖാദിബോർഡ് സെക്രട്ടറി ടി വിഷയം സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു..

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റൂട്രോണിക്സിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (I), വ്യവസായ വാണിജ്യ ഡയറക്ടർ, രജിസ്ട്രാർ, റൂട്രോണിക്സ് (സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്) എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (1)
വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, റിയാബ്, തിരുവനന്തപുരം
സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, റൂട്രോണിക്സ്, തിരുവനന്തപുരം
സി.ഇ.ഒ., കെ-ബിപ്പ്,
ഐ &പി.ആർ.ഡി
സ്റ്റോക്ക് ഫയൽ (IND-K1/21/2022-IND

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 12-06-2023 16:56:36

പകർപ്പ് ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി. എസിന്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (1) ന്റെ പി.എസിന്